> ജീവിതം കൊ ് ഒരു കാലത്തിന് മാതൃക തീർത്ത കർമയോഗിയായിരുന്നു പാനൂർ തങ്ങൾ. പ്രതിസന്ധികളെ ഈമാനിക കരുത്തുകൊ ് മിറകടന്ന് ശരിയാണെന്ന് തോന്നിയ ആദർശത്തിന്റെ സംസ്ഥാപനത്തിന് വേ ി ആരെയും കാത്തുനിൽക്കാതെ/ താൻ ക സ്വപ്നങ്ങൾ പ്രായോഗികമായി വിജയിപ്പിച്ചെടുത്ത ശേഷമാണ് മഹാൻ വിടവാങ്ങിയത്

പഠനം

ഇസ്മാഈൽ ശിഹാബുദ്ദീൻ പൂക്കോയ തങ്ങൾ

ജീവിതവും രചനകളും

എം എ സലാം റഹ്മാനി കൂട്ടാലുങ്ങൽ

കേരളീയ മുസ്ലിം പണ്ഡിതന്മാർക്കിടയിലെ നിത്യഹരിത വിസ്മയമാണ് സയ്യിദ് ഇസ്മാഈൽ ശിഹാബുദ്ദീൻ പൂക്കോയ തങ്ങൾ എന്ന പാനൂർ തങ്ങൾ. വൈജ്ഞാനിക ലോകത്തിന് മഹാൻ നൽകിയ സംഭാവനകൾ അത്ഭുതത്തോടെ മാത്രമേ നമുക്ക് വീക്ഷിക്കാനാകുകയുള്ളൂ. പണ്ഡിതന്മാർ പ്രവാചകന്മാരുടെ അനന്തരാവകാശികളാണെന്ന പ്രവാചക വചനത്തിന്റെ സത്യസാക്ഷ്യമായിരുന്നു പാനൂർ തങ്ങളുടെ ജീവിതം. പാരമ്പര്യ ദീനീവിശ്വാസധാരകൾക്ക് തന്റെ അഗാധമായ ജ്ഞാനം കൊണ്ട് കരുത്തു പകരുകയും അറിവിന്റെ വിനിമയം കൊണ്ട് ജീവിതത്തെ കർമധന്യമാക്കി പണ്ഡിതന്മാർക്ക് മാതൃക കാണിച്ച മഹാ പണ്ഡിതനും സൂഫിയുമായിരുന്നു മഹാൻ.

ജീവിതവും പഠന സപര്യയും

ഹുസൈൻ കോയമ്മ തങ്ങളുടെയും കുഞ്ഞിബീവിയുടെയും മകനായി 1936 ലാണ് മഹാൻ ജനിക്കുന്നത്. അപാരമായ ബുദ്ധിശേഷിക്കുടമയായിരുന്ന അദ്ദേഹം വിജ്ഞാനദാഹം തീർക്കാൻ അഗ്രേസരരായ ഗുരുനാഥന്മാരിൽ നിന്നും ഗുരുനാഥന്മാരിലേക്ക് സഞ്ചരിച്ചു. കാസർഗോഡ് ഖാസിയും മുദരിസുമായിരുന്ന അബ്ദുറഹ്മാൻ മുസ്ലിയാർ ശംസുൽഉലമ ഇ.കെ ഉസ്താദ്, ഉള്ളാൾ തങ്ങൾ, അല്ലാമാ കുട്ടി മുസ്ലിയാർ തുടങ്ങിയവരിൽ നിന്നുമാണ് വിജ്ഞാനം

നുകർന്നത്. പിൽക്കാലത്ത് വെല്ലൂർ ബാഖിയാത്തിലെ പ്രൊഫസറായിരുന്ന കുട്ടി മുസ്‌ലിയാരുടെ ഏറ്റവും ഇഷ്ടപ്പെട്ട ശിഷ്യനായിരുന്നു തങ്ങൾ.

1957 ജൂണിൽ തങ്ങൾ ഉപരി പഠനത്തിന് വേണ്ടി ദയൂബന്ദ് ദാറുൽ ഉലൂമിൽ ചേർന്നു. 1959 ജനുവരി വരെ അവിടെ പഠനം തുടർന്നു. മൗലാന ഹുസൈൻ അഹ്മദ് മദനി, മൗലാനാ ഫഖ്റുദ്ദീൻ അഹ്മദ്, മൗലാന മുഹമ്മദ് ത്വയ്യിബ് എന്നിവരായിരുന്നു അവിടെയുള്ള ഗുരുനാഥന്മാർ. മൗലാനാ ഹുസൈൻ അഹ്മദ് മദനിയായിരുന്നു തങ്ങളവർകളുടെ പ്രത്യേക ശ്രദ്ധ പിടിച്ചു പറ്റിയ ഉസ്താദ്. എല്ലാ ശാഖകളിലും അഗാധമായ പാണ്ഡിത്യം നേടാൻ മഹാന് സാധിക്കുകയുണ്ടായി. തന്റെ ഉസ്താദുമാരെ പോലും അത്ഭുതപ്പെടുത്തുന്ന രീതിയിലായിരുന്നു അദ്ദേഹത്തിന്റെ ഗ്രാഹ്യശേഷി.

പഠന ശേഷം പുറക്കാട്, ഏലത്തൂർ, ചാവക്കാടിനടുത്ത വെൺമേനാട്, പയ്യോളി, ഒളവട്ടൂർ, പാറക്കടവ്, തളിപ്പറമ്പ്, ചെറുകുന്ന്, ഓമച്ചപ്പുഴ, ഉമ്മത്തൂർ തുടങ്ങിയ സ്ഥലങ്ങളിൽ അദ്ദേഹം വലിയ ദർസ് നടത്തി.


കേരളത്തിലെ വൈജ്ഞാനിക ഭൂപടത്തിൽ മത/ഭൗതിക സമന്വയ വിദ്യഭ്യാസ ക്രമത്തിന്റെ കേരളീയ മോഡൽ കൃത്യമായ സിലബസ് ആവിഷ്കരിച്ച് ആദ്യമായി അവതരിപ്പിച്ചതും നടപ്പിലാക്കിയതും പാനൂർ തങ്ങളായിരുന്നു. ആധുനിക കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിഞ്ഞ് പ്രതികരിക്കാൻ സജ്ജരായ പണ്ഡിതന്മാർ ഉായെങ്കിൽ മാത്രമേ പുതിയ കാലത്ത് ദീനിന്റെ ഭാവി ശോഭനമാകുകയുള്ളൂ എന്ന കാഴ്ചപ്പാടിൽ നിന്നാണ് അദ്ദേഹം ഇത്തരമൊരു ആശയം പ്രായോഗിക വൽക്കരിക്കാൻ മുന്നിട്ടിറങ്ങിയത്. മത/ഭൗതിക വിജ്ഞാനീയങ്ങൾ ഒരുക്കൂടക്കീഴിൽ നൽകുക എന്ന ആശയം വേരു മുളക്കാത്ത കാലത്ത് കേരളീയ മുസ്‌ലിം ഉമ്മത്തിന്റെ ഭാവി മുൻകൂട്ടി ക് താൻ ആവിശ്കരിച്ച സ്വപ്ന പദ്ധതി നടപ്പിലാക്കാൻ ആദ്യമായി വേദി കത്തിയത് ഉമ്മത്തൂരിലായിരുന്നു. അവിടെ ആത്മീയവും ഭൗതികവുമായ വിദ്യഭ്യാസം സമന്വയിപ്പിച്ച് 1971 ൽ സഖാഫത്തുൽ ഇസ്‌ലാം അറബിക് കോളേജ് സ്ഥാപിച്ചു. ചില പ്രത്യേക സാഹചര്യങ്ങളാൽ ഉമ്മത്തൂരിൽ തുടക്കം കുറിച്ച സ്വപ്ന പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ച് 1975 ൽ പാനൂരിലെ തങ്ങൾപീടികയിൽ അൽ മദ്റസത്തുസ്സഹ്റ ഇസ്‌ലാമിക് ആന്റ് ആർട്സ് കോളേജ് എന്ന പേരിൽ പുതിയ മത ഭൗതിക സമന്വയ വൈജ്ഞാനിക കേന്ദ്രത്തിന് അടിത്തറയിട്ടു. 1975 ൽ 8 പേരുമായി സഹ്റ കാമ്പസിലെ പള്ളിയിൽ തുടങ്ങിയ സ്ഥാപനം 1986 ജനുവരി 29 മുതൽ ജാമിഅ സഹ്റ എന്ന പേരിലാണ് അറിയപ്പെട്ടത്.


വിദ്യഭ്യാസ രംഗത്ത് ഒരു നൂതന വിപ്ലവത്തിന് ഇതോടെ തുടക്കം കുറിക്കപ്പെട്ടു. കേരളത്തിലെ ആദ്യത്തെ പരീക്ഷണമായിരുന്നു ഇത്. വിമർശനങ്ങൾ നിരവധി നേരിട്ടെങ്കിലും താൻ ക സ്വപ്നം പൂവണിയിക്കുന്നത് വരെ നിശ്ചയദാർഢ്യത്തോടെ പ്രവർത്തനഗോഥയിൽ മഹാൻ സജീവമായി. പലപ്പോഴും ഒറ്റയാനായിരുന്നു തങ്ങൾ. ഇംഗ്ലീഷ് ഭാഷ നരക ഭാഷയാണെന്നതിനേക്കാൾ വലിയ ഫലിതം ഇല്ലെന്ന് പറഞ്ഞു കൊ് ഇംഗ്ലീഷ് ഭാഷ സ്വയം പഠിച്ചെടുത്തു കൊാണ് അദ്ദേഹം മാതൃക കാണിച്ചത്.

സ്ഥാപനത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് അദ്ദേഹം വിവരിക്കുന്നത് കാണുക; ആധുനിക ലോകം പുരോഗതിയിലേക്ക് കുതിച്ചു കൊിരിക്കുന്നു. അതിനൂതന ശാസ്ത്രീയ നേട്ടങ്ങളും സാങ്കേതിക വിദ്യകളും മനുഷ്യനെ പ്രപഞ്ച വിഹായസ്സിൽ ശബ്ദാതി വേഗത്തിൽ സഞ്ചരിക്കാൻ ധൃഷ്ടനാക്കുന്നു. ആഴിയുടെ അടിത്തട്ടിൽ ഊളിയിട്ടിറങ്ങാൻ അവനെ സജ്ജനാക്കുന്നു. പക്ഷെ ഈ നേട്ടങ്ങളുടെയും പ്രതികൂല വശമെന്നോണം ധാർമ്മിക ചിന്ത അവനെ വിട്ടകന്നു പോയിക്കൊണ്ടിരിക്കുന്നു. മനുഷ്യകുലത്തിന്റെ നിർമ്മാണാത്മക പ്രവർത്തനങ്ങൾക്ക് ഉപയുക്തമാകേിയണ്ടിരുന്ന പല നൂതന ശാസ്ത്രീയ കണ്ടെത്തലുകളും അവന്റെ തന്നെ നിഗ്രഹോപാധികളായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. മനുഷ്യത്വത്തെ വഴിതെറ്റിക്കുന്ന ഈ അനാശ്വാസ്യതകളാണെവിടെയും. ഈ അവസരത്തിൽ വളർന്നുവരുന്ന മുസ്‌ലിം യുവതയെ ഈമാനിക ബോധവും മതവിജ്ഞാനവുമുള്ള, അതേയവസരം കാലത്തിന്റെ കാലടി ശബ്ദം ശ്രവിക്കാൻ കെൽപ്പുള്ള ഭൗതിക വിദ്യാസമ്പന്നരാക്കി വളർത്തിയെടുക്കുകയും അതുവഴി ഇസ്‌ലാമിന്റെ സുന്ദരമുഖം വികലമാക്കാൻ കച്ചകെട്ടിയിറങ്ങിയ മതശത്രുക്കൾക്കെതിരെ നിതാന്ത ജാഗ്രത പുലർത്തുന്ന അതിർത്തി രക്ഷാ സേനകളാക്കി അവരെ വാർത്തെടുക്കലുമാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. (ജാമിഅ സഹ്റ: ലഘുവിവരണ പത്രിക)

സ്ഥിര മതപഠനത്തോടൊപ്പം എസ് എസ് എൽ സിയും , ബി .എയും എം. എയും സമന്വയിപ്പിച്ചു കൊുള്ള പാഠ്യപദ്ധതിയായിരുന്നു അക്കാലത്ത് തന്നെ അദ്ദേഹം ആവിശ്കരിച്ചിരുന്നത്. ഇന്ന് നമുക്കിടയിൽ വ്യാപകമായികൊിരിക്കുന്ന ഇത്തരം സംവിധാനങ്ങൾ നാല് പതിറ്റാണ്ടുമുമ്പ് തന്നെ തങ്ങൾ തന്റെ

കേരളത്തിലെ വൈജ്ഞാനിക ഭൂപടത്തിൽ മത/ഭൗതിക സമന്വയ വിദ്യഭ്യാസ ക്രമത്തിന്റെ കേരളീയ മോഡൽ കൃത്യമായ സിലബസ് ആവിഷ്കരിച്ച് ആദ്യമായി അവതരിപ്പിച്ചതും നടപ്പിലാക്കിയതും പാനൂർ തങ്ങളായിരുന്നു. ആധുനിക കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിഞ്ഞ് പ്രതികരിക്കാൻ സജ്ജരായ പണ്ഡിതന്മാർ ഉായെങ്കിൽ മാത്രമേ പുതിയ കാലത്ത് ദീനിന്റെ ഭാവി ശോഭനമാകുകയുള്ളൂ എന്ന കാഴ്ചപ്പാടിൽ നിന്നാണ് അദ്ദേഹം ഇത്തരമൊരു ആശയം പ്രായോഗിക വൽക്കരിക്കാൻ മുന്നിട്ടിറങ്ങിയത്









സ്ഥാപനത്തിൽ നടപ്പിലാക്കിയിരുന്നു എന്നറിയുമ്പോഴാണ് ആ വിദ്യഭ്യാസ വിചക്ഷണന്റെ കാഴ്ചപ്പാടിന്റെ പ്രസക്തി നമുക്ക് മനസ്സിലാകുന്നത്.

വ്യക്തിത്വം/സ്വാധീനം/ആത്മീയത

ജീവിതത്തിലുടനീളം കൃത്യമായ നിലപാടുകളും ആശയങ്ങളും ആദർശവുമുയർത്തിപ്പിടിച്ച മഹാനായിരുന്നു പറയുന്നത് മാത്രം പ്രവർത്തിക്കുകയും പ്രവർത്തിക്കുന്നത് മാത്രം പറയുകയും ചെയ്ത അദ്ദേഹം ഉഖ്റവ്വിയ്യായ ചിന്തകളിലും ഇൽമുമായി ബന്ധപ്പെട്ടും മാത്രമാണ് തങ്ങൾ അവസാരം വരെ ജീവിതം ചെലവഴിച്ചത്. തങ്ങളുടെ വേദനകൾക്കും പ്രതിസന്ധികൾക്കും അഭയവും ആശ്വാസവുമായായിരുന്നു തങ്ങളെ സമൂഹം കണ്ടിരുന്നത്. ആ മഹനീയ സാന്നിധ്യത്തിൽ ജനങ്ങൾ തങ്ങളുടെ പ്രയാസങ്ങൾ ഇറക്കിവെച്ചു. ലാളിത്യത്തിന്റെയും സൂക്ഷ്മതയുടെയും ആൾരൂപമായിരുന്നു തങ്ങൾ. ജാമിഅ സഹ്റയുടെ പുരോഗതിക്ക് വേണ്ടി ആത്മാർത്ഥമായി ശ്രമിക്കുകയും നിരവധി ത്യാഗങ്ങൾ സഹിക്കുകയും ചെയ്തു. കോളേജിൽ നിന്നും ശമ്പളം പറ്റാതെയും സംഭാവനകൾ പിരിച്ചതിന് കമ്മീഷൻ വാങ്ങാതെയും സത്യസന്ധമായി കോളേജിന്റെ കാര്യത്തിൽ അദ്ദേഹം നേരിട്ടിടപെട്ടു. തെറ്റു കണ്ടാൽ ധീരമായി തങ്ങൾ പ്രതികരിക്കുമായിരുന്നു. നിരവധി അത്ഭുത സംഭവങ്ങൾ ആ ജീവിതത്തിലൂടെ പലർക്കും അനുഭവവേദ്യമായിട്ടു്. മഹാന്റെ ദുആയുടെ ഫലമായി മാരകമായ രോഗങ്ങൾ ശിഫയായവരും ബിസിനസ് രംഗത്ത് വൻ വളർച്ച നേടിയവരും നിരവധിയു്. ജാതി മത ഭേദമന്യേയുള്ള ആളുകളുടെ ആശയും അത്താണിയുമായിരുന്നു അദ്ദേഹം. യൂനാനി/ആത്മീയ ചികിത്സകൾക്ക് വേണ്ടി തങ്ങളുടെ അടുത്തെത്തുന്നവരെല്ലാം വലിയ ആശ്വാസത്തോടെയാണ് മടങ്ങിയിരുന്നത്.

ജീവിതത്തിൽ പ്രശസ്തി ആഗ്രഹിക്കാത്ത പണ്ഡിതനായിരുന്നു തങ്ങൾ. പൊതു ഇടങ്ങളിൽ നിന്നും വേദികളിൽ നിന്നും മാറി നടന്ന മഹാൻ സ്വന്തമായ വഴിയുാക്കിയാണ് മുന്നോട്ട് പോയത്.പ്രശസ്തിയുടെ പിന്നാലെ തങ്ങൾ പോയില്ലെന്നതിന് ഒരു ഉദാഹരണം കാണുക; തൃശൂരിലെ പെരുമ്പിലാവിലെ ഹബീബ് അബ്ദുല്ലാഹിൽ ഹദ്ദാദ് ചാരിറ്റബിൾ ട്രസ്റ്റ് പാനൂർ തങ്ങൾക്ക് അദ്ദേഹത്തിന്റെ സംഭാവനകൾ മുന്നിറുത്തി ഒരു അവാർഡ് നൽകാൻ തീരുമാനിച്ചു. ഈ തീരുമാനം തങ്ങളെ വിളിച്ചറിയിച്ചപ്പോൾ താൻ അവാർഡ് വാങ്ങാൻ വരില്ലെന്ന മറുപടിയാണ് നൽകിയത്.അവസാനം മകൻ മഖ്ദൂം തങ്ങളെയെങ്കിലും അയക്കണമെന്ന് പറഞ്ഞപ്പോൾ അതിനും സാധ്യമല്ലെന്ന മറുപടിയാണ് നൽകിയത്. അവസാനം സഹ്റയിലെ ഏതെങ്കിലും സ്റ്റാഫിനെയെങ്കിലും അവാർഡ് സ്വീകരിക്കാൻ അയക്കുമോ എന്ന ഹാശിം ഹദ്ദാദ് തങ്ങളുടെ അഭ്യർത്ഥന മാനിച്ച് സ്റ്റാഫിനെ പറഞ്ഞയച്ചു.അവാർഡ് വാങ്ങാൻ ഏത് നെറികെട്ട ഏർപ്പാടുകളും സ്വീകരിക്കുന്ന ആധുനിക കാലത്ത് ഒരു പണ്ഡിതൻ സ്വീകരിക്കേ വഴി ഏതെന്ന് തങ്ങൾ ജീവിതത്തിലൂടെ കാണിച്ചു തരികയായിരുന്നു.

ആത്മീയതയുടെ ഉന്നത വിഹായസ്സിൽ വിരാചിച്ചിരുന്ന പണ്ഡിതനായിരുന്നു തങ്ങൾ. ശൈഖ് ഹസൻ ഹസ്രത്തിൽ നിന്നും തങ്ങളും ജേഷ്ടനും ഖാദിരീ ത്വരീഖത്ത് സ്വീകരിക്കുകയുായി. സൂഫിവര്യനായ ആലുവായ് അബൂബക്കർ മുസ്ലിയാർ തങ്ങളവർക്ക് ദലാഇലുൽ ഖൈറാത്തിന്റെ ഇജാസത്ത് നേരിട്ട് ദർസിൽ വന്നു കൈമാറുകയായിരുന്നു.

2010 മെയ് 10 തിങ്കളാഴ്ചയാണ് അല്ലാഹുവിന്റെ യഥാർത്ഥ അടിമയായി ഭൂമിയിൽ ജീവിച്ച മഹാൻ വഫാത്തായത്. മരണത്തിന് അൽപദിവസങ്ങൾക്ക് മുമ്പ് തങ്ങളുടെ കൈവശമുായിരുന്ന ചെറിയ സംഖ്യ മൂന്ന് ഓഹരിയായി തിരിച്ചുകൊടുമകന് നൽകി ഇപ്രകാരം പറഞ്ഞു; ഒന്ന് മരണ കർമ്മങ്ങൾക്ക് വേണ്ടി, രണ്ടാമത്തേത് അടുത്ത കുടുംബക്കാർക്ക് നൽകാൻ, മൂന്നാമത്തേത് കടമുണ്ടെന്ന് പറഞ്ഞ് ആരെങ്കിലും വന്നാൽ അവർക്ക് നൽകാൻ വേിയുമാണ്. ആ സമയത്ത് തങ്ങൾ പറഞ്ഞ വാക്കുകൾ ആരെയും അത്ഭുതപ്പെടുത്തുന്നതാണ്; ''പടപ്പുകളിൽ ഒരാളോടും എന്റെ ഓർമവെച്ച നാൾ മുതൽ എനിക്ക് ഒരിടപാടുമില്ല. എന്റെ റബ്ബിനോടല്ലാതെ''. ജീവിതത്തിൽ സൂക്ഷ്മതയോടെ സകല വിനിമയങ്ങളും കൈകാര്യം ചെയ്ത ഒരാൾക്ക് മാത്രം ധൈര്യത്തോടെ പറയാനാകുന്ന വാക്കുകളാണിത്. മഹാന്റെ പ്രവർത്തനങ്ങളെ അല്ലാഹു സ്വീകരിക്കട്ടെ. അദ്ദേഹത്തിന്റെ കൂടെ സുഖലോക സ്വർഗത്തിൽ ഒരുമിച്ചു കൂടുന്നതിനുള്ള ഭാഗ്യം അല്ലാഹു നമുക്ക് നൽകി അനുഗ്രഹിക്കട്ടെ.

പ്രമുഖ പണ്ഡിതനും കാഞ്ഞങ്ങാട് സംയുക്ത ജമാഅത്ത് ഖാസിയുമായിരുന്ന യു കെ ആറ്റക്കോയ തങ്ങൾ പാനൂർ തങ്ങളുടെ ജ്യോഷ്ട സഹോദരനാണ്. ഖിബ്ല നിർണയത്തിൽ അഗാധ പാണ്ഡിത്യമുായിരുന്ന അദ്ദേഹത്തിന്റെ നിർദേശങ്ങൾക്കനുസരിച്ച് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നൂറ് കണക്കിന് പള്ളികൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. അതുപോലെത്തന്നെ പ്രസിദ്ധ പണ്ഡിതനായിരുന്ന എസ്.എം പൂക്കോയ തങ്ങൾ പാനൂർ തങ്ങളുടെ ഭാര്യാ പിതാവാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ട പള്ളികളും മദ്രസകളും നിരവധിയാണ്.ഒരു പ്രദേശത്തിന്റെ തന്നെ ആശാകേന്ദ്രമായിരുന്നു അദ്ദേഹം.

പാനൂർ തങ്ങളുടെ രചനാലോകം

അറിവിന്റെ ലോകത്തെ നിരന്തരമായ അന്വേഷണങ്ങൾക്കും വിനിമയങ്ങൾക്കും ശേഷം പാനൂർ തങ്ങൾ ഗ്രന്ഥരചനാ മേഖലയിലേക്ക് തിരിയുകയായിരുന്നു. അദ്ദേഹം സ്ഥാപിച്ച ജാമിഅ സഹ്റയിൽ പ്രത്യേകം തയ്യാറാക്കിയ ഭാഗത്ത് എഴുത്തിന്റെ ലോകം തീർത്ത് മുന്നേറുകയായിരുന്നു മഹാൻ. കിതാബ് രചനാ രംഗത്ത് കേരളത്തിലെ ഉലമാക്കൾ പൊതുവെ സജീവത കുറവാണ്. ഉമലാ ആക്ടിവിസത്തിന്റെ മറ്റു മേഖലകളിലൂടെയാണ് കേരളീയ പണ്ഡിതന്മാരുടെ സഞ്ചാരം. ഇതിനൊരു തിരുത്തായിരുന്നു പാനൂർ തങ്ങൾ. ഉത്തരേന്ത്യൻ പണ്ഡിതന്മാരെ പോലെ നിരന്തരമായ എഴുത്തിൽ അദ്ദേഹം മുഴുകുകയും മറ്റിതര മേഖലകളിൽ നിന്നെല്ലാം വിട്ടുനിന്ന് ദീനീ വിജ്ഞാനങ്ങളുമായി നിരന്തരം ബന്ധപ്പെട്ടു ജീവിതം നയിക്കുകയും ചെയ്തു. 1982/84 കാലഘട്ടത്തിലാണ് തങ്ങൾ രചനാരംഗത്ത് സജീവമാകുന്നത്. ഈ കാലയളവിൽ തങ്ങൾ വിദേശ പര്യടനം കഴിഞ്ഞ് തിരിച്ചു വന്നത് വലിയൊരു ഗ്രന്ഥശേഖരവുമായാണ്. ഇന്ന് ജാമിഅ സഹ്റയിൽ കാണുന്ന വിശാലമായ റഫറൻസ് ലൈബ്രറിയുടെ പ്രാരംഭം അതായിരുന്നു.

അലാഹാമിശിത്തഫാസീർ

പാനൂർ തങ്ങളുടെ മാസ്റ്റർ പീസ് രചനയാണ് അലാഹാമിശിത്തഫാസീർ എന്ന ഖുർആൻ വ്യാഖ്യാന ഗ്രന്ഥം. ജലാലൈനിയെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള തഫ്സീറാണിത്. വിശുദ്ധഖുർആന് അറബിയിൽ വ്യാഖ്യാനമെഴുതിയ ആദ്യത്തെ മലയാളി പണ്ഡിതനാണ് സയ്യിദ് ഇസ്മാഈൽ ശിഹാബുദ്ദീൻ പൂക്കോയ തങ്ങൾ.

അവതരണ മികവ് കൊണ്ടും വിഷയ വൈവിധ്യം കൊണ്ടും ഏറെ പ്രത്യേകതകൾ നിറഞ്ഞ ഖുർആൻ വിശദീകരണമാണിത്. അറബികളെ പോലും അത്ഭുതപ്പെടുത്തുന്ന രീതിയിലുള്ള ശൈലിയിലാണ് ഇതിന്റെ രചന നിർവഹിച്ചിരിക്കുന്നത്. ആധുനിക വിഷയങ്ങളെക്കൂടി അപഗ്രഥിച്ചുകൊണ്ട് വേറിട്ടൊരു ശൈലിയിലാണ് അദ്ദേഹം രചന നിർവഹിച്ചിരിക്കുന്നത്. ഒരുപക്ഷെ മറ്റൊരു തഫ്സീറിലും കാണാൻ സാധിക്കാത്ത പല വിഷയങ്ങളും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. ആധുനിക ലോകത്ത് നിലനിൽക്കുന്ന സമസ്യകൾക്ക് ഖുർആനിലൂടെ പൂരണം കത്തൊനുള്ള ശ്രമങ്ങൾ നിരന്തരമായി നമുക്ക് ഈ തഫ്സീറിന്റെ ഓരോ ഭാഗങ്ങളിലും അനുഭവവേദ്യമാകുന്നതാണ്.

ആധുനിക ശാസ്ത്ര വിഷയങ്ങൾ തികഞ്ഞ പാണ്ഡിത്യത്തോടെയും സുതാര്യതയോടെയും കൈകാര്യം ചെയ്യുന്നത് കാണുമ്പോൾ മഹാന്റെ കഴിവിൽ അത്ഭുതം കൂറാൻ മാത്രമേ വായനക്കാർക്ക് സാധിക്കുകയുള്ളൂ. കിതാബിന്റെ വരികളിലൂടെ ഊളിയിട്ടിറങ്ങി വിജ്ഞാനത്തിന്റെ സപ്ത സാഗരങ്ങളും താണ്ടിയ ഒരു പണ്ഡിതന്റെ സാന്നിധ്യം ഈ തഫ്സീറിന്റെ വരികൾക്കിടയിലൂടെ നമുക്ക് അനുഭവിക്കാനാകുന്നു. ചരിത്രവും ശാസ്ത്രവും എല്ലാം ഒരേ അളവിൽ സമഞ്ജസമായി ഇവിടെ സമ്മേളിക്കുകയാണ്. അല്ലാഹുവിന്റെ വഹ്ദാനിയ്യത്തിന്റെ സൗകുമാര്യതയെ വിശദീകരിക്കുന്ന അതേ ആവേശത്തിൽ പ്രാപഞ്ചിക പ്രതിഭാസങ്ങളെക്കുറിച്ചും ഗ്യാലക്സികളെക്കുറിച്ചും ഭൂമിയുടെ കറക്കത്തെക്കുറിച്ചും പ്രതിപാദിക്കുമ്പോൾ മതവും ഭൗതികവും എല്ലാം ഈ തഫ്സീറിന്റെ വരികളിൽ സമന്വയിക്കുന്നതായി നമുക്ക് കാണാം.

അതുകൊണ്ടു തന്നെ ഈ തഫ്സീർ ആധുനിക കാലഘട്ടത്തിൽ ഇസ്ലാമിനെക്കുറിച്ച് മനസ്സിലാക്കാനാഗ്രഹിക്കുന്നവർക്കുള്ള ഉത്തമ വഴികാട്ടി കൂടിയാണ്.




ഖുർആനിക വിവരണങ്ങൾ മുൻ നിറുത്തി ശാസ്ത്രീയ സത്യങ്ങളെക്കുറിച്ച് അദ്ദേഹം തന്റെ കൃതിയിൽ പലയിടങ്ങളിലായി വിശകലനം ചെയ്യുന്നുണ്ട്. ചൊവ്വക്കും നെപ്റ്റ്യൂണിനും രുവീതവും വ്യാഴത്തിന് പന്ത്രും ശനിക്ക് ഒമ്പതും യുറാനസിന് അഞ്ചും ഉപഗ്രഹങ്ങളുണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു. നമ്മുടെ ഭൂമിയുടെ ഏക ഉപഗ്രഹമായ ചന്ദ്രൻ ഭൂമിക്ക് ചുറ്റും വലയം വെക്കുന്നത് പോലെ ഉപഗ്രഹങ്ങളോരോന്നും അതാതിന്റെ മാതൃ ഗ്രഹത്തിന് ചുറ്റും നീന്തിത്തുടിക്കുകയാണ്. മനുഷ്യന് ഇത്രയും കാലം അജ്ഞാതമായ നിഗൂഢതകൾ അവനെ അഭ്യസിപ്പിച്ച അല്ലാഹു എത്ര പരിശുദ്ധൻ!(അലാ ഹാമിശിത്തഫാസീർ 1/112)

സൂര്യനും അതിന് ചുറ്റുമുള്ള ഗ്രഹങ്ങളും ഉൾക്കൊള്ളുന്ന ക്ഷീരപഥം പ്രപഞ്ചത്തിന്റെ പതിനായിരം കോടി ഗാലക്സികളിൽ ഒന്നുമാത്രം. പ്രകാശ വേഗത്തിൽ /സെക്കന്റിൽ മൂന്ന് കിലോമീറ്റർ വേഗം/ സഞ്ചരിക്കുന്ന ഒരു ശൂന്യാകാശ പേടകത്തിൽ നാം യാത്ര ചെയ്യുകയാണെങ്കിൽ മുപ്പതിനായിരം കൊല്ലം യാത്ര ചെയ്താലേ നമ്മുടെ ഗാലക്സിയായ ആകാശ ഗംഗയുടെ കേന്ദ്രത്തിലെത്താൻ കഴിയുകയുള്ളൂ ! അതിനു ചുറ്റുമൊന്ന് കറങ്ങണമെങ്കിലോരു ലക്ഷം വർഷങ്ങളെടുക്കും!!(1/113)

പ്രവിശാലമായ അനവധി മൈതാനങ്ങളും നിരവധി തെരുവോരങ്ങളുമുള്ള, ധാരാളം വാട്ടർ ടാപ്പുകളും വളരെയധികം ഇലക്ട്രിക് കമ്പികളും ഒക്കെയുള്ള ഒരു മഹാനഗരത്തോടാണ് ജീവശാസ്ത്രജ്ഞന്മാർ കോശത്തെ ഉപമിക്കുന്നത്.ഈ കോശമാകട്ടെ നഗ്ന ദൃഷ്ടിക്ക് അഗോചരമാണ്.സൂക്ഷ്മദർശിനി ഉപയോഗിച്ചാൽ പോലും കോശത്തിന്റെ ചില അടയാളങ്ങൾ മാത്രമേ കാഴ്ചയിൽപെടൂ(6/392)

'ആധുനിക ലോകത്ത് പുരുഷന്മാരേക്കാൾ സ്ത്രീകളുടെ അംഗബലം കൂടുതലാണ്. ബ്രിട്ടണിൽ പുരുഷന്മാരെക്കാൾ നാല് മില്യൺ സ്ത്രീകളു്. ജർമനിയിൽ ഈ വ്യത്യാസം 5 മില്യണാണ്. അമേരിക്കയിലാണെങ്കിൽ 78 മില്യൺ സ്ത്രീകളാണ് അധികമുള്ളത്. ഈ കണക്ക് നോക്കിയാൽ ഓരോ പുരുഷന്മാർ ഓരോ സ്ത്രീകളെ മാത്രം വിവാഹം ചെയ്താൽ ബാക്കിയുള്ള സ്ത്രീകളുടെ അവസ്ഥ പരിതാപകരമായിരിക്കും. മറ്റു സ്ത്രീകൾ കൂട്ടുകാരുടെ കൂടെയോ കാമുകന്മാരുടെ ഒപ്പമോ കഴിയേി വരും. ഈ സ്വതന്ത്ര ലൈംഗിക സിദ്ധാന്തമുക്കുന്ന സാമൂഹിക അരാചകത്വത്തെക്കുറിച്ച് വിശദീകരിക്കേതില്ലല്ലോ. ഇത്തരമൊരു പ്രതിസന്ധിയെ മിറകടക്കാനാണ് ഏറ്റവും നീതിയുക്തമായ പോംവഴി എന്ന നിലയിൽ ഇസ്ലാം ബഹുഭാര്യത്വമനുവദിച്ചതെന്ന് ഈ ഗ്രന്ഥത്തിൽ വോള്യം 2/9 ൽ വിശദീകരിക്കുന്നു്.





പ്രാപഞ്ചിക പ്രതിഭാസങ്ങളെക്കുറിച്ചുള്ള ഇത്തരം നിരവധി വീക്ഷണങ്ങൾ ഈ തഫ്സീറിൽ കാണാവുന്നതാണ്. ആധുനിക സയൻസും ഖുർആനും എന്ന വിഷയത്തിലെ സമഗ്രമായ ഒരു പഠനം തന്നെയാണ് അലാഹാമിശിത്തഫാസീർ.

അപ്രകാരം ഭൂമി ഉരുണ്ടതാണെന്ന് ശാസ്ത്രം പ്രഖ്യാപിക്കുന്നതിന് കാലങ്ങൾക്ക് മുമ്പേ ഖുർആൻ വ്യക്തമാക്കിയിരിക്കുന്നത് അദ്ദേഹം കൃത്യമായി സമർത്ഥിക്കുന്നുണ്ട്.രാവും പകലും മാറിമാറി വരുന്നതിന് ഖുർആൻ കവ്വറ എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്.ശിരോവസ്ത്രത്തിന് കൗർ എന്ന പദം അറബി ഭാഷയിൽ പ്രയോഗിക്കാറു്. ശിരസ്സിന് ചുറ്റും ശിരോവസ്ത്രം കെട്ടുന്നതിനെ കുറിച്ച് ഉപയോഗിക്കുന്ന കവ്വറ എന്ന പദം ഗോളാകൃതിയായ ഒരു വസ്തുവിനെ ചുറ്റുന്നതിന് സംബന്ധിച്ചേ ഉപയോഗിക്കാൻ സാധിക്കൂ.(5/584) ഇതിലൂടെ തങ്ങൾ സ്ഥാപിക്കുന്നത് ഭൂമിക്ക് ഗോളാകൃതിയാണെന്ന് ഖുർആൻ പരോക്ഷമായി പറയുന്നുണ്ടെന്നാണ്. ഖുർആന്റെ ആഴങ്ങളിലേക്കൂളിയിട്ടിറങ്ങുമ്പോൾ മാത്രമേ അതിന്റെ ആശയ പ്രപഞ്ചം ഗ്രഹിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ എന്നിവിടെ വ്യക്തമാക്കുകയാണ് തങ്ങൾ.

ഇസ്ലാമിനെ യുക്തികേന്ദ്രീകൃതമായി വ്യാഖ്യാനിക്കാൻ രംഗപ്രവേശം ചെയ്ത ഖവാരിജിയാക്കൾ,മുഅ്തസിലിയാക്കൾ,മുജസ്സിമുകൾ അടക്കമുള്ള സകല പുത്തൻപ്രസ്ഥാനക്കാരുടെയും മുനയൊടിച്ചു കൊണ്ട് അഹ്ലുസ്സുന്നത്തിവൽജമാഅത്തിന്റെ അഖീദയെ സ്ഥാപിക്കാൻ തന്റെ തഫ്സീറിലൂടെ നിരന്തരമായി തങ്ങൾ നിരന്തരമായി ശ്രമിക്കുന്നു്. പ്രവാചകത്വം വാദിച്ചു കൊണ്ട് കടന്നുവന്ന ഗുലാം അഹ്മദ് ഖാദിയാനിയുടെ കള്ളവാദങ്ങൾക്ക് അക്കമിട്ടു മറുപടി പറയുന്ന തങ്ങളുടെ ശൈലി ഏറെ ആകർഷണീയമാണ്.

ചില തഫ്സീറുകളിൽ കടന്നുകൂടിയിട്ടുള്ള ഇസ്റാഈലിയ്യാത്തുകളെ നിശിതമായി വിമർശിക്കുകയും അതിന്റെ യാഥാർത്ഥ്യങ്ങളിലേക്ക് വെളിച്ചം വിതറുകയും ചെയ്യുന്നു്.

ആധുനിക കാലത്ത് നിലനിൽക്കുന്ന പൈശാചിക ദുർബോധനങ്ങളെയും സാംസ്കാരികാപചയങ്ങളെയും വ്യക്തമായി തുറന്നുകാട്ടുന്ന ഈ തഫ്സീർ അമേരിക്ക,ബ്രിട്ടൺ അടക്കമുള്ള നാടുകളിൽ നിലനിൽക്കുന്ന സാമൂഹിക അരാചകത്വങ്ങളെ കണക്കുകൾ നിരത്തി സ്ഥാപിക്കുകയും ചെയ്യുന്നുണ്ട്.

ഇതുകൊണ്ട് തന്നെ മറ്റു തഫ്സീറുകളിൽ നിന്നും വേറിട്ട

വൈയക്തിക ജീവിതത്തിൽ മുസ്‌ലിംകൾ പാലിക്കേ നിയമങ്ങളും വ്യവസ്ഥിതികളും കൃത്യമായി പ്രതിപാദിക്കുന്ന ഗ്രന്ഥമാണ് അദബുൽ മുസ്‌ലിം ഫീ മൻഹജിൽ ഇസ്‌ലാം എന്ന ഈ കൃതി. ഓരോ മുസ്‌ലിമിന്റെയും സ്വഭാവ രൂപീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഇതിൽ സവിസ്തരം പ്രതിപാദിക്കുന്നത്. സന്താനപരിപാലനം,കുടുംബ ബന്ധങ്ങൾ, വിശ്വാസികളുടെ സ്വഭാവം,പലിശ, ക്ഷമ തുടങ്ങി നാം ദൈനംദിനം ഇടപെടുന്ന ഓരോ കാര്യങ്ങളെക്കുറിച്ചുമുള്ള ഇസ്‌ലാമിക വീക്ഷണങ്ങൾ ഇതിൽ കൃത്യമായി വിവരിക്കുന്നു. വൈയക്തിക ജീവിതം ഇസ്‌ലാമീകരിക്കാൻ താൽപര്യപ്പെടുന്ന ഓരോരുത്തർക്കും ഒരു ഉത്തമ വഴികാട്ടിയാണ് എൺപതോളം പേജ് വരുന്ന ഈ ഗ്രന്ഥം

ഒരനുഭവമാണ് അലാഹാമിശിത്തഫാസീർ നമുക്ക് നൽകുന്നത്.

വിവിധ വിഷയങ്ങളെ പഠന വിധേയമാക്കികൊണ്ട് നിരന്തരമായ അന്വേഷണങ്ങളിലൂടെയും പഠന മനനങ്ങളിലൂടെയും തയ്യാറാക്കിയതാണ് ഈ തഫ്സീറെങ്കിലും ഈ ഖുർആൻ വ്യാഖ്യാനത്തെക്കുറിച്ച് തങ്ങൾ വളരെ വിനയത്തോടെയാണ് സംസാരിക്കുന്നത്. അദ്ദേഹം പറയുന്നത് കാണുക; ഈ ഗ്രന്ഥം ഖുർആനിന്റെ തഫ്സീറാണെന്ന് പറയാൻ ഞാൻ ധൈര്യപ്പെടുന്നില്ല. ഖുർആനിന്റെ തെല്ലിലൂടെയുള്ള ഒരു യാത്ര മാത്രമാണിത്. ഈ തഫ്സീറിൽ കാണുന്ന എല്ലാ ഗുണങ്ങളും പൂർവ്വീകരായ എല്ലാ ഗുരുവര്യന്മാർക്കും മുഫസ്സിറുകൾക്കും മാത്രമവകാശപ്പെട്ടതാണ്. പോരായ്മകൾ കണ്ടാൽ അതിനുത്തരവാദി ഞാൻ മാത്രമായിരിക്കും. അല്ലാഹു അതെനിക്ക് പൊറുത്തു തരട്ടെ'.

ചുരുക്കത്തിൽ നിരന്തരമായ പഠനങ്ങൾക്കും അന്വേഷണങ്ങൾക്കും ശേഷം തയ്യാറാക്കപ്പെട്ടതാണ് ഈ തഫ്സീർ. പ്രാമാണികമായ ഖുർആൻ വ്യാഖ്യാനങ്ങൾ അവലംബിച്ചുകൊണ്ട് ഇതു രചിച്ചിരിക്കുന്നത്. അറബികളെ പോലും അത്ഭുതപ്പെടുന്ന ഭാഷാശൈലിയും അവതരണ മികവും ഈ തഫ്സീറിന്റെ മനോഹാരിത വർദ്ധിപ്പിക്കുന്നു. പഠിച്ചതിലേറെ പഠിക്കാനും അറിഞ്ഞതിലേറെ അറിയാനുമുള്ള ജ്ഞാനത്തിന്റെ മഹാഖനിയാണ് അലാഹാമിശിത്തഫാസീർ.

ഇന്ന് മലേഷ്യൻ ഇസ്‌ലാമിക് യൂണിവേഴ്സ്റ്റി ഈ ഗ്രന്ഥത്തിന്റെ മാഹാത്മ്യം തിരിച്ചറിഞ്ഞ് ഇതിന്റെ രചയിതാവിനോടുള്ള കടപ്പാട് എന്ന നിലയിൽ മഹാൻ സ്ഥാപിച്ച ജാമിഅ സഹ്റയുമായി എം.ഒ.യു ഒപ്പ് വെക്കാൻ വരെ തയ്യാറാകുകയുണ്ടായി. മലേഷ്യൻ പ്രതിനിധികൾ ജാമിഅ സഹ്റ സന്ദർശിച്ചപ്പോൾ യൂണിവേഴ്സ്റ്റിയുടെ ഗ്ലോബൽ ഡിപ്പാർട്ട്മെന്റ് ഹെഡ് ഡോക്ടർ അബ്ദുൽ ഖുദ്ദൂസ് ഈ ലേഖകനോട് ചോദിച്ചത് 'ഇദ്ദേഹം വിദേശ അറബ് രാഷ്ട്രങ്ങളിൽ പോയി അറബി പഠിച്ച ശേഷമാണോ ഈ ഗ്രന്ഥ രചനക്ക് മുതിർന്നത്' എന്നാണ്. അത്രമേൽ സ്വാധീനാത്മകമാണ് അതിലെ ആശയവും രചനാശൈലികളും. ഖത്തർയൂണിവേഴ്സ്റ്റി, ഈജിപ്ത് അൽ അസ്ഹർ യൂണിവേഴ്സ്റ്റി അടക്കമുള്ള വിദേശ സർവകലാശാലകൾ ഈ ഗ്രന്ഥത്തെ ഔദ്യോഗികമായി സ്വീകരിക്കാനുള്ള നടപടി ക്രമങ്ങൾ അവസാന ഘട്ടത്തിലാണ്.

അദബുൽ മുസ്‌ലിം ഫീ മൻഹജിൽ ഇസ്‌ലാം

വൈയക്തിക ജീവിതത്തിൽ മുസ്‌ലിംകൾ പാലിക്കേ നിയമങ്ങളും വ്യവസ്ഥിതികളും കൃത്യമായി പ്രതിപാദിക്കുന്ന ഗ്രന്ഥമാണ് അദബുൽ മുസ്‌ലിം ഫീ മൻഹജിൽ ഇസ്‌ലാം എന്ന ഈ കൃതി. ഓരോ മുസ്‌ലിമിന്റെയും സ്വഭാവ രൂപീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഇതിൽ സവിസ്തരം പ്രതിപാദിക്കുന്നത്. സന്താനപരിപാലനം,കുടുംബ ബന്ധങ്ങൾ, വിശ്വാസികളുടെ സ്വഭാവം,പലിശ, ക്ഷമ തുടങ്ങി നാം ദൈനംദിനം ഇടപെടുന്ന ഓരോ കാര്യങ്ങളെക്കുറിച്ചുമുള്ള ഇസ്‌ലാമിക വീക്ഷണങ്ങൾ ഇതിൽ കൃത്യമായി വിവരിക്കുന്നു. വൈയക്തിക ജീവിതം ഇസ്‌ലാമീകരിക്കാൻ താൽപര്യപ്പെടുന്ന ഓരോരുത്തർക്കും ഒരു ഉത്തമ വഴികാട്ടിയാണ് എൺപതോളം പേജ് വരുന്ന ഈ ഗ്രന്ഥം.

വർത്തമാന കാലത്ത് നാം നേരിടുന്ന പ്രശ്നങ്ങളും കാരണങ്ങളും പരിഹാരങ്ങളുമെല്ലാം വിവിധ അധ്യായങ്ങളിലൂടെ സൂചിപ്പിക്കുന്നു. മാതാപിതാക്കളോടുള്ള വഴിപ്പാടിനെക്കുറിച്ചുള്ള ഭാഗത്ത് പറയുന്നു: ഇന്ന് പല സന്താനങ്ങളും അവരുടെ സോഷ്യൽ സ്റ്റാറ്റസ് അൽപമുയരുമ്പോൾ മാതാപിതാക്കളെ അവഗണിക്കുകയും തങ്ങളുടെ സ്റ്റാറ്റസിനോട് കിടപിടിക്കാത്തവരാണെങ്കിൽ അവരെക്കുറിച്ച് വീട്ടിലെ സേവകനും സേവകയുമാണെന്ന് പറയാൻ പോലും ലജ്ജിക്കാത്ത സാഹചര്യമാണുള്ളത്.

അപ്രകാരം ഇസ്‌ലാമിന്റെ പാരമ്പര്യ മൂല്യങ്ങളിൽ നിന്നും വിട്ടകന്ന് മോഡേൺ ശൈലി സ്വീകരിച്ച് മുന്നോട്ടുപോകുന്ന മത ബിരുദം നേടിയവരെക്കുറിച്ച് ഈ ഗ്രന്ഥത്തിലൂടെ തങ്ങൾ ഗൗരവമേറിയ ചില നിരീക്ഷണങ്ങൾ നടത്തുന്നു: താടി വടിച്ച് തല മറക്കാതെ തുണി ഞെരിയാണിക്ക് താഴെ വലിച്ചിഴച്ചുകൊണ്ടു പോകുന്ന നിരവധി ഉസ്താദുമാരെ നമുക്ക് കാണാം. നിസ്കാരത്തെ പോലും വേണ്ട വിധം ഗൗനിക്കാൻ ഇവർക്ക് മടിയാണ്. പ്രവാചകീയ സുന്നത്തിനെ അവമതിക്കുകയാണ് ഇക്കൂട്ടർ. വയറും കീശയും നിറക്കുക എന്ന ലക്ഷ്യമല്ലാതെ മറ്റൊന്നുമില്ലാത്ത ഇത്തരക്കാരുടെ കൂടെ ഇരിക്കുന്നതും ഇടപഴകുന്നതും പോലും വർജ്ജിക്കേണ്ടതാണ്.

മുസ്‌ലിം സ്ത്രീകളുടെ പള്ളിപ്രവേശനം പ്രോത്സാഹിപ്പിച്ച് അവരെ അങ്ങാടിയിലേക്കിറക്കണമെന്ന വാദത്തിലെ പൊള്ളത്തരങ്ങളും അപകടങ്ങളും ഗ്രന്ഥം തുറന്നുകാട്ടുകയും സ്ത്രീകൾക്ക് പള്ളിയേക്കാൾ ഉത്തമം വീടാണെന്ന് യുക്തി ഭദ്രമായി സമർത്ഥിക്കുകയും

ചെയ്യുന്നുണ്ട്. പാശ്ചാത്യ ലോകത്ത് നിന്നും ഇറക്കുമതി ചെയ്ത സ്ത്രീ സ്വാതന്ത്ര്യം, സ്ത്രീ പുരുഷ സമത്വം തുടങ്ങിയ ആശയങ്ങൾ സമൂഹത്തിലുാക്കിയ അരാചകത്വവും അപകടകരമായ പ്രതിപ്രവർത്തനങ്ങളും പ്രതിഫലനങ്ങളും ഇവിടെ പ്രതിപാദിക്കുന്നുണ്ട്. സ്ത്രീയും പുരുഷനും വ്യത്യസ്ത അസ്ഥിത്വങ്ങളുള്ളതും സമൂഹത്തിന്റെ പാതിയുമാണെന്ന വിശാലമായ കാഴ്ചപ്പാടാണ് ഇസ്ലാം ഉയർത്തിപ്പിടിക്കുന്നത്. സ്ത്രീക്ക് മഹത്തായ സ്ഥാനവും മാനവും ഇസ്ലാം വകവെച്ചു നൽകുകയും ചെയ്തിട്ടു്.തുടങ്ങിയ വിഷയങ്ങളെല്ലാം വളരെ കൃത്യതയോടെ ഇവിടെ അവതരിപ്പിക്കുന്നു.

തീവ്രവാദവും മറ്റു അക്രമ പ്രവർത്തനങ്ങളും സമൂഹത്തിലുാക്കുന്ന അശാന്തിയും ഭീകരാവസ്ഥയും ഗ്രന്ഥം ചർച്ച ചെയ്യുന്നു. ഇത്തരം സമീപനങ്ങൾക്കെതിരെയുള്ള ഇസ്ലാമിന്റെ അതി കർശനമായ നിലപാടുകൾ തെളിവ് സഹിതം പ്രതിപാദിക്കുന്നുമുണ്ട്.

അപ്രകാരം മുസ്ലിം സമൂഹത്തിനിടയിൽ അടിഞ്ഞുകൂടിയ അനാചാരങ്ങളുടെ ആധിക്യത്തിൽ ഗ്രന്ഥകാരൻ ആത്മരോഷം പ്രകടിപ്പിക്കുകയും വേദന പങ്കു വെക്കുകയും ചെയ്യുന്നു. പ്രത്യേകിച്ചും ജോത്സ്യന്മാരെ കാണാൻ കച്ച കെട്ടിയിറങ്ങി ഈമാൻ നഷ്ടപ്പെടുത്തുന്ന മുസ്ലിം സഹോദര സഹോദരിമാർക്ക് വരാനിരിക്കുന്ന അപകടത്തെ ഗൗരവത്തോടെ പുസ്തകത്തിൽ വിലയിരുത്തുന്നു്. കൃത്യമായ പ്രമാണങ്ങളുടെയും ചരിത്ര പിൻബലത്തിന്റെയും അടിസ്ഥാനത്തിലാണ് ഗ്രന്ഥത്തിലുടനീളം കാര്യങ്ങൾ വിശദീകരിക്കുന്നത് എന്നതുകൊ് തന്നെ വായനക്കാർക്ക് എളുപ്പത്തിൽ കാര്യങ്ങൾ ഗ്രഹിക്കാൻ സാധിക്കുന്നു.

സ്വഫ്വത്തുൽ കലാം ഫീ അഖീദത്തിൽ ഇസ്ലാം

ഇസ്ലാമിക വിശ്വാസ കാര്യങ്ങളെക്കുറിച്ചുള്ള പഠനമാണ് ഈ ഗ്രന്ഥത്തിന്റെ ഇതിവൃത്തം. അല്ലാഹുവിന്റെ വഹ്ദാനിയ്യത്തിനെ വളരെ യുക്തി പൂർവം സ്ഥാപിക്കുന്ന മനോഹരമായ രചനയാണിത്. യുക്തിവാദികളടക്കമുള്ള അല്ലാഹുവിന്റെ വുജൂദിനെ നിഷേധിക്കുകയും പ്രപഞ്ചം സ്വയംഭൂവാണെന്ന് സ്ഥാപിക്കാൻ യുക്തിരഹിതമായ വാദങ്ങൾ നിരത്തുകയും ചെയ്യുന്നവരെ യുക്തിയിലൂടെ തന്നെ ഖണ്ഡിക്കുകയും അവരുടെ വാദങ്ങളിലെ നിരർത്ഥകത വെളിച്ചത്ത് കൊു വരികയും ചെയ്യുന്നു്. ഒരു വാഹനത്തിന് സഞ്ചരിക്കാൻ ഡ്രൈവർ നിർബന്ധമാണെങ്കിൽ, ഒരു ബിൽഡിംഗിന് ഒരു നിർമാതാവ് വേണ്ടത് അനിവാര്യമാണെങ്കിൽ ഈ വിശാലമായ പ്രപഞ്ചത്തെ നിയന്ത്രിക്കാനും കൃത്യതയോടെ അതിനെ വഴി നടത്താനും ഒരു സ്രഷ്ടാവ് ആവശ്യമാണ്. അതാണ് അല്ലാഹു. ഇങ്ങനെ വളരെ ലളിതമായി കാര്യങ്ങളവതരിപ്പിച്ച് അല്ലാഹുവിന്റെ ഏകത്വത്തെ സമർത്ഥിക്കുകയും സ്ഥാപിക്കുകയും ചെയ്യുന്നുണ്ട് ഗ്രന്ഥകാരൻ.

ഈ പ്രപഞ്ചത്തിനൊരു സ്രഷ്ടാവുണ്ടെന്നും അത് ഏകനായ അല്ലാഹുവാണെന്നും സ്ഥാപിച്ച ശേഷം അല്ലാഹുവിന്റെ വിശേഷണങ്ങൾ വളരെ സവിസ്തരം ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു. തുടർന്ന് പ്രവാചകന്മാർ ,മലക്കുകൾ, കിതാബുകൾ,അന്ത്യനാൾ,വിധിയിലുള്ള വിശ്വാസം തുടങ്ങി ഓരോരുത്തരും നിർബന്ധമായും വിശ്വസിക്കേ മറ്റു കാര്യങ്ങൾ പ്രാമാണികമായി വിശദീകരിക്കുന്നു.അന്ത്യനാളിന്റെ അടയാളങ്ങളായ ദജ്ജാൽ,യഅ്ജൂജ്,മഅ്ജൂജ്, ഇമാം മഹ്ദി തുടങ്ങിയവയും പരലോകത്ത് വെച്ച് നടക്കുന്ന വിചാരണയും അനന്തരമനുഭവിക്കേണ്ട കർമഫലങ്ങളുമെല്ലാം യുക്തിസഹമായി ഗ്രന്ഥകാരൻ കൈകാര്യം ചെയ്യുന്നു.

അവസാനം അല്ലാഹുവിന്റെയടുക്കൽ സ്വീകരിക്കപ്പെട്ട വിഭാഗം അഹ്ലുസ്സുന്നത്തി വൽ ജമാഅ: യുടെ ആളുകളാണെന്നും അവരുടെ പ്രത്യേകതകളും വഴികേടിലായ പുത്തൻ പ്രസ്ഥാനക്കാരെക്കുറിച്ചും പ്രതിപാദിച്ചുകൊണ്ടാണ് ഗ്രന്ഥം അവസാനിക്കുന്നത്. അല്ലാഹുവിൽ നിന്നും തുടങ്ങി ഭൂമിയിലെ വിജയികളായ വിഭാഗക്കാരെ പരിചയപ്പെടുത്തിക്കൊണ്ട് വായനക്കാരന്റെ ഹൃദയത്തിലേക്കുള്ള അറിവിന്റെ മനോഹരമായ ഒഴുക്കാണ് ഈ കൃതി. യുക്തിവാദവും ലിബറലിസവും പല രൂപത്തിൽ തലപൊക്കിക്കൊിരിക്കുന്ന ഈ പുതിയ കാലത്ത് ഇസ്ലാമിന്റെ അടിസ്ഥാനപരമായ വിശ്വാസകാര്യങ്ങളെ മനസ്സിലുറപ്പിക്കാനും പരിചയപ്പെടുത്താനും പറ്റിയ ഒരു ചെറു ഗ്രന്ഥമാണ് സ്വഫ്വത്തുൽ കലാം.

അന്നിബ്റാസ് ഫിൽ മസ്ലകിൽ ഫിഖ്ഹി ശാഫിഈ

പാനൂർ തങ്ങളുടെ മാസ്റ്റർ പീസ് രചനകളിലൊന്നാണ് നിബ്റാസ്. കർമശാസ്ത്രപരമായ വിഷയങ്ങൾ സവിസ്തരം ഇതിൽ പ്രതിപാദിക്കുന്നുണ്ട്. മൂന്ന് വാള്യങ്ങളുള്ള ഈ കൃതി പ്രാമാണികമായി കാര്യങ്ങളെ വിശദീകരിക്കുന്നതിനോടൊപ്പം ആധുനിക വിഷയങ്ങളെ കൂടി ഇതിൽ കൈകാര്യം ചെയ്യുന്നു. മറ്റു ഫിഖ്ഹീ ഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്തമായി ഫിഖ്ഹിന്റെ സാങ്കേതിക പദങ്ങളെ വിശദീകരിച്ചുകൊണ്ടാണ് കൃതി ആരംഭിക്കുന്നത്. ഓരോ ബാബുകൾക്കും അനുയോജ്യമായ ഹദീസുകൾ കൂടി വിശദീകരിക്കുന്നത് പഠിതാക്കൾക്കും അന്വേഷകർക്കുമെല്ലാം വളരെ സുതാര്യമായി കാര്യങ്ങൾ ഗ്രഹിക്കാനുള്ള അവസരമൊരുക്കുന്നു. ആകർഷണീയമായ രചനാശൈലിയാണ് ഈ ഗ്രന്ഥത്തിന്റെ പ്രത്യേകത. ഓരോ വിഷയങ്ങളിലെയും പ്രധാനപ്പെട്ട പോയിന്റുകൾ പ്രത്യേകം നമ്പറിട്ടു കൊടുത്തത് മനസ്സിൽ കാര്യങ്ങളുറപ്പിക്കുന്നതിനും ഓർത്തെടുക്കുന്നതിനും സഹായകമാകുന്നു. ഇസ്ലാമിക കർമശാസ്ത്ര വിഷയങ്ങൾ എളുപ്പത്തിൽ പഠിക്കാനാഗ്രഹിക്കുന്നവർക്കൊരു ഉത്തമ വഴികാട്ടിയാണ് ഈ ഗ്രന്ഥം.

അൽ മൻത്വിഖ് ഫീ ശറഹിത്തഹ്ദീബ്

തർക്കശാസ്ത്രത്തിലെ പ്രസിദ്ധ ഗ്രന്ഥമായ അല്ലാമ സഅദുദ്ദീൻ മസ്ഊദുബ്നുഉമറു ത്തഫ്താസാനിയുടെ തഹ്ദീബിന്റെ വ്യാഖ്യാനമാണിത്. കേരളീയ പരിസരത്ത് നിന്നും മൻതിഖ്(തർക്കശാസ്ത്രം) ശാഖക്ക് വലിയ സംഭാവനകളിലൊന്നാണ് ഈ കൃതി. പൊതുവെ ഈ രംഗത്ത് ഗ്രന്ഥ രചന നടത്താൻ പൊതുവെ കേരളീയ പണ്ഡിതന്മാർ വിപുലമായ തോതിൽ മുതിർന്നിട്ടില്ലെന്നതൊരു യാഥാർത്ഥ്യമാണ്. ഇവിടെയാണ് പാനൂർ തങ്ങളുടെ അറിവിന്റെ ആഴവും പരപ്പും നമുക്ക് ബോധ്യപ്പെടുന്നത്. തഹ്ദീബിലെ ആഴങ്ങളിലേക്കൂളിയിടേണ്ടതനിവാര്യമായ

പാനൂർ തങ്ങളുടെ മാസ്റ്റർ പീസ് രചനകളിലൊന്നാണ് നിബ്റാസ്. കർമശാസ്ത്രപരമായ വിഷയങ്ങൾ സവിസ്തരം ഇതിൽ പ്രതിപാദിക്കുന്നുണ്ട്. മൂന്ന് വാള്യങ്ങളുള്ള ഈ കൃതി പ്രാമാണികമായി കാര്യങ്ങളെ വിശദീകരിക്കുന്നതിനോടൊപ്പം ആധുനിക വിഷയങ്ങളെ കൂടി ഇതിൽ കൈകാര്യം ചെയ്യുന്നു. മറ്റു ഫിഖ്ഹീ ഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്തമായി ഫിഖ്ഹിന്റെ സാങ്കേതിക പദങ്ങളെ വിശദീകരിച്ചുകൊണ്ടാണ് കൃതി ആരംഭിക്കുന്നത്. ഓരോ ബാബുകൾക്കും അനുയോജ്യമായ ഹദീസുകൾ കൂടി വിശദീകരിക്കുന്നത് പഠിതാക്കൾക്കും അന്വേഷകർക്കുമെല്ലാം വളരെ സുതാര്യമായി കാര്യങ്ങൾ ഗ്രഹിക്കാനുള്ള അവസരമൊരുക്കുന്നു

ഓരോ വാചകങ്ങൾക്കും ഈ മേഖലയിൽ താൽപര്യമുള്ളവർക്കും അല്ലാത്തവർക്കുമെല്ലാം എളുപ്പത്തിൽ മനസ്സിലാകുന്ന രൂപത്തിൽ സരളമായ ശൈലിയിൽ പാനൂർ തങ്ങൾ വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. തർക്കശാസ്ത്ര മേഖലയിൽ താൽപര്യം ജനിപ്പിക്കാനുതകുന്ന വ്യാഖ്യാന ഗ്രന്ഥമാണിത്. മുതഅല്ലിമുകൾക്കും ഉസ്താദുമാർക്കും ഏറെ ഉപകാരപ്രദമാകുന്ന രൂപത്തിലുള്ള ശൈലിയിലാണ് ഇത് രചിക്കപ്പെട്ടിരിക്കുന്നത്. ഇൽമിനെ പ്രത്യേകമായ സവിശേഷതകളുടെ അടിസ്ഥാനത്തിൽ തസവ്വുറും തസ്ദീഖുമൊക്കെയാക്കി വർഗീകരിച്ചത് വിശദീകരിച്ചുകൊണ്ട് തുടങ്ങുന്ന ഗ്രന്ഥം തർക്കശാസ്ത്രത്തിന്റെ യുക്ത്യാധിഷ്ഠിതമായി മനസ്സിലാക്കേണ്ട വിവിധ ഘടകങ്ങളിലൂടെയുള്ള ഒരു ഒഴുക്കായി ഈ ഗ്രന്ഥം ഒരാവർത്തി വായിക്കുമ്പോൾ നമുക്ക് അനുഭവവേദ്യമാകുന്നതാണ്. പ്രയാസമുള്ള വാചകങ്ങളെ കൃത്യവും വ്യക്തവുമായ ഉദാഹരണങ്ങളിലൂടെ മനോഹരമായി ലഘൂകരിച്ച് വായനക്കാർക്ക് മുന്നിൽ ഗ്രന്ഥം അവതരിപ്പിക്കുന്നുണ്ട്. ഈ വിജ്ഞാനശാഖക്ക് കേരളക്കര നൽകിയ മഹത്തായ സംഭാവനയാണ് പാനൂർ തങ്ങളുടെ ഈ കൃതിയെന്ന് നമുക്ക് നിസ്സംശയം പറയാം.

അൽ മദാരിജ് ഫീ തക്‌രീറിൽ ഗ്വായത്തി വത്തഖ്‌രീബ്

ശാഫിഈ കർമ്മശാസ്ത്രത്തിലെ പ്രധാന ഗ്രന്ഥമായ മത്നുൽഗായവത്തഖ്‌രീബ് എന്ന കൃതിയുടെ വ്യാഖ്യാനമാണിത്. ആധുനികമായി ഉയർന്നുകൊണ്ടിരിക്കുന്ന പുതിയ സമസ്യകളുടെ കർമശാസ്ത്രവിധികൾ ഈ ഗ്രന്ഥത്തിൽ കാണാവുന്നതാണ്. അതുതന്നെയാണ് മദാരിജിനെ മറ്റു ഫിഖ്ഹീ ഗ്രന്ഥങ്ങളിൽ നിന്നും വേറിട്ടു നിറുത്തുന്നത്. പ്രാമാണികമായി കാര്യങ്ങൾ വിശദീകരിക്കുന്നതോടൊപ്പം തന്നെ വേറിട്ട ഭാഷാശൈലിയും അവതരണ രീതിയും ഈ കൃതിയുടെ പ്രത്യേകതയാണ്.കേരളത്തിനകത്തും പുറത്തുമുള്ള നിരവധി പണ്ഡിതന്മാർ ഈ കൃതിയെ പ്രശംസിച്ചിട്ടുണ്ട്. വളരെ വിശദമായ രൂപത്തിൽ ഓരോ വിഷയങ്ങളും പ്രതിപാദിക്കുന്ന 570ലധികം പേജുകളുള്ള ബ്രഹത്ഗ്രന്ഥമാണ് മദാരിജ്.

കേരളീയ പരിസരങ്ങളിൽ പൊതുവേ ചർച്ചകൾക്ക് വിഷയീഭവിച്ചതും വിവാദങ്ങളുയർത്തിയതുമായ പ്രശ്നങ്ങളിൽ പ്രാമാണികമായും യുക്തിഭദ്രതയോടെയും കാര്യങ്ങൾ അവതരിപ്പിക്കാൻ ഗ്രന്ഥകാരൻ ശ്രമിച്ചിട്ടുണ്ട്. സമസ്തയിൽ മൈക്ക് വിഷയത്തിൽ ഭിന്നിച്ചു പോയ വിഭാഗക്കാരുടെ മൈക്കിലൂടെ വരുന്നത് സ്വന്തം ശബ്ദമല്ല, അതുകൊണ്ട് ഖുതുബ ശരിയാകില്ല തുടങ്ങിയ വാദങ്ങളെ ശാസ്ത്രീയമായിത്തന്നെ പാനൂർ തങ്ങൾ ഖണ്ഡിക്കുന്നു. മിൻഹാജ്, തുഹ്ഫ,നിഹായ, മൻഹജ്,ഫത്ഹുൽ ജവാദ്,റൗള,ശറഹുൽ മുഹദ്ദബ് തുടങ്ങിയ ശാഫിഈ ഫിഖ്ഹിലെയും മറ്റും പ്രസിദ്ധ ഗ്രന്ഥങ്ങളെല്ലാം അവലംബമാക്കിയാണ് ഈ ഗ്രന്ഥം രചിച്ചിരിക്കുന്നത്.

അൽ കലാം ഫീ ശറഹിൽ അഖാഇദിന്ന സഫിയ്യ

വിശ്വാസ പ്രമാണങ്ങളെ സ്ഥാപിക്കുന്നതിൽ ഏറെ സ്വാധീനം ചെലുത്തിയ അല്ലാമാ അബൂഹഫ്സ് ഉമറുബ്നു മുഹമ്മദുന്നഫി(റ)വിന്റെ ശറഹുൽഅഖാഇദയുടെ വിശദീകരണമാണിത്. വിശ്വാസപരമായ കാര്യങ്ങളെ കൃത്യമായ രൂപത്തിൽ വിശകലനം ചെയ്ത് ആർക്കും മനസ്സിലാക്കാൻ പറ്റുന്ന വിധത്തിൽ വിശദീകരിക്കുകയാണ് മഹാൻ ഈ ഗ്രന്ഥത്തിൽ. പുത്തൻവാദികൾ, നിരീശ്വരവാദികൾ അടക്കമുള്ള പാരമ്പര്യ ദീനിൽ പരിഷ്കരണവാദവുമായി കടന്നുവന്നവരുടെ വാദങ്ങളെ ശക്തമായ ഭാഷയിൽ മഹാൻ പ്രതിരോധിക്കുകയും അഹ്ലുസ്സുന്നത്തിവൽജമാഅത്തിന്റെ വാദങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു ഈ ഗ്രന്ഥം. വ്യാജസിദ്ധന്മാർ, ജിന്ന്,മന്ത്രവാദം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട സുവ്യക്തമായ ചർച്ചകൾ ഈ കൃതിയുടെ പ്രത്യേകതയാണ്.

നിഖാതുൻമിൻ താരീഖിൽ ഇസ്‌ലാം

ആദം നബി(അ)മുതൽ അന്ത്യ ദൂതർ മുഹമ്മദ് നബി(സ)വരെയുള്ള ഇസ്‌ലാമിക ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന ഉത്തമമായ ഒരു രചനയാണ് നിഖാതുൻ മിൻ താരീഖിൽ ഇസ്‌ലാം.പരമ്പരാഗത ചരിത്രകൃതികളിൽ നിന്നും വേറിട്ട ശൈലിയിലാണ് ഈ ഗ്രന്ഥ രചന നിർവഹിച്ചിരിക്കുന്നത്. ആദം നബി(അ)യിൽ തുടങ്ങുന്ന പ്രവാചക പരമ്പരയുടെ ചരിത്രം വിശദീകരിക്കുന്നതോടൊപ്പം വിവിധ പ്രവാചകന്മാരുടെ കാലത്ത് നടന്ന ചരിത്ര സംഭവങ്ങൾ എല്ലാം വശ്യമായ ശൈലിയിൽ പ്രതിപാദിക്കുന്നുണ്ട്. ഗ്രന്ഥത്തിലുടനീളം വികലമാക്കപ്പെട്ട ചരിത്രങ്ങളെ വിശകലനം ചെയ്യുകയും അതിലെ യാഥാർത്ഥ്യങ്ങളിലേക്ക് വെളിച്ചം വിതറുകയും ചെയ്യുന്നു. പ്രവാചകൻ(സ)യുടെ ജന്മത്തിന് മുമ്പ് അരങ്ങേറിയ സംഭവങ്ങളും സാമൂഹിക പശ്ചാത്തലവും കൃത്യമായ ചരിത്ര പിൻബലത്തോടെ കൃതിയിൽ അനാവരണം ചെയ്യുന്നു. അതോടൊപ്പം നുബുവ്വത്ത്, ഹിജ്റ, ബദ്ർ മുതലുള്ള യുദ്ധങ്ങൾ, ഹുദൈബിയ്യ സന്ധി, മക്കാവിജയം,പ്രവാചക

പാനൂർ തങ്ങൾ രചിച്ച ഖുതുബകളുടെ മലയാള മൊഴിമാറ്റവും അൽ ഇൻഹിറാഫാത്ത് എന്ന തങ്ങളുടെ ലഘു കൃതിയിലെ ചില ഭാഗങ്ങളുമാണ് ഈ ഗ്രന്ഥത്തിലുള്ളത്. കാലിക സാഹചര്യങ്ങളും ചുറ്റുപാടുകളുമായിരുന്നു തങ്ങളുടെ ഖുതുബകൾക്ക് വിഷയീഭവിച്ചിരുന്നത്. വെള്ളിയാഴ്ചകളിൽ സഹ്റ കോമ്പൗണ്ടിലെ മസ്ജിദിൽ തങ്ങൾ രചിച്ച ഖുതുബകളായിരുന്നു ഓതിയിരുന്നത്

വിയോഗം തുടങ്ങിയ ചരിത്ര സംഭവങ്ങളെയും കൃത്യതയോടെ അവതരിപ്പിക്കുന്നുണ്ട്. ഇസ്‌ലാമിക ചരിത്രത്തെക്കുറിച്ച് മനസ്സിലാക്കാൻ ഉതകുന്ന ഗഹനമായ വിവരണങ്ങളടങ്ങിയ ഉൽകൃഷ്ട കൃതിയാണ് നിഖാത്ത്. ഇസ്‌ലാമിക ചരിത്രശാഖക്കുള്ള വലിയൊരു സംഭാവന കൂടിയാണ് ഈ ഗ്രന്ഥം.

അത്തഹദ്ദിയാത്ത്/വെല്ലുവിളികൾ

പാനൂർ തങ്ങൾ രചിച്ച ഖുതുബകളുടെ മലയാള മൊഴിമാറ്റവും അൽ ഇൻഹിറാഫാത്ത് എന്ന തങ്ങളുടെ ലഘു കൃതിയിലെ ചില ഭാഗങ്ങളുമാണ് ഈ ഗ്രന്ഥത്തിലുള്ളത്. കാലിക സാഹചര്യങ്ങളും ചുറ്റുപാടുകളുമായിരുന്നു തങ്ങളുടെ ഖുതുബകൾക്ക് വിഷയീഭവിച്ചിരുന്നത്. വെള്ളിയാഴ്ചകളിൽ സഹ്റ കോമ്പൗണ്ടിലെ മസ്ജിദിൽ തങ്ങൾ രചിച്ച ഖുതുബകളായിരുന്നു ഓതിയിരുന്നത്.

അർത്ഥ ഗർഭവും ആശയ ഗാംഭീര്യവുമുള്ളവയുമായിരുന്നു ആ വരികൾ. ആധുനിക ലോകം നേരിടുന്ന വിശിഷ്യാ മുസ്‌ലിം ലോകമഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളുമാണ് മിക്ക ഖുതുബകളുടെയും പ്രതിപാദ്യം. യുക്തി ഭദ്രമായി കാര്യങ്ങൾ അവതരിപ്പിക്കുകയും കുറിക്കുകൊള്ളുന്ന മറുപടികൾ നൽകുകയും ചെയ്യുന്നതാണ് ഖുതുബകളിൽ പാനൂർ തങ്ങൾ സ്വീകരിച്ചിരിക്കുന്ന ശൈലി. യുക്തിവാദികളുടെ ജൽപനങ്ങളെ തങ്ങളുടെ നിരവധി ഗ്രന്ഥങ്ങളിൽ വിഷയീഭവിച്ചിട്ടു. നവ ലോക ക്രമത്തിൽ വിശ്വാസികൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി യുക്തിരഹിതമായ ആരോപണങ്ങളുന്നയിക്കുന്ന യുക്തിവാദി സംഘമാണെന്ന് തങ്ങൾ മുൻകൂട്ടി തിരിച്ചറിഞ്ഞ രൂപത്തിലുള്ള ഇടപെടലുകളാണ് മിക്ക ഗ്രന്ഥങ്ങളിലും കാണാനാകുന്നത്.

അത്തഹദ്ദിയ്യാത്ത് എന്ന കൃതി പറയുന്നത് കാണുക: ദൈവം ഇല്ലെന്ന തീരുമാനത്തിലെത്തിയവർ ഈ പ്രപഞ്ചത്തിനും അതിലുള്ള വസ്തുക്കൾക്കും ഒരു സ്രഷ്ടാവിനെ കണ്ടെത്തി, അതാണ് പ്രകൃതി. പ്രകൃതിയുടെ വികൃതിയാണിതെല്ലാം എന്താണ് പ്രകൃതി? ജീവനില്ലാത്ത,ഉദ്ദേശ ശക്തിയില്ലാത്ത,കാണാനോ കേൾക്കാനോ കഴിയാത്ത ഒരു വസ്തു. നിങ്ങൾ വാദിക്കുന്ന പ്രകൃതി ഇതാണെങ്കിൽ, എന്തുകൊണ്ട് ഉദ്ദേശ ശക്തിയും സർവ്വജ്ഞനും സർവശക്തനുമായ ഒരു പ്രകൃതിയെ അഥവാ സർവലോക സ്രഷ്ടാവായ അല്ലാഹുവിനെ നിങ്ങൾക്കംഗീകരിച്ചു കൂടാ? കാണാനോ കേൾക്കാനോ സപർശിക്കാനോ കഴിയാത്ത ഒരദൃശ്യ ശക്തിയെ അംഗീകരിക്കാൻ നിങ്ങൾ തയ്യാറായില്ലെങ്കിൽ നിങ്ങൾ വാദിക്കുന്ന പ്രകൃതിയെ നിങ്ങൾ എങ്ങിനെ അംഗീകരിക്കുന്നു? കാലമിന്നോളം ഈ പ്രകൃതിയാണോ പ്രപഞ്ചത്തെ നിയന്ത്രിച്ചത്? അതല്ല, ഈ ലോകം തന്നെ ഒരു പ്രകൃതിയാണോ? ഒരുറച്ച തീരുമാനത്തിലെത്താൻ കഴിയാത്ത പ്രകൃതിയിലേക്കല്ലേ നിങ്ങളെത്തിച്ചേർന്നത്? ബുദ്ധിമാന്മാർ യുക്തിയിലൂടെ ചിന്തിച്ച് ഉദ്ദേശ ശക്തിയും പരിപൂർണ വിജ്ഞാനവും കഴിവുമുള്ള ഒരു പ്രകൃതിയെ സ്ഥിരപ്പെടുത്തുമ്പോൾ ചിലർ വക്രബുദ്ധിയിലൂടെ ചിന്തിച്ച് നിർജ്ജീവവും ഉദ്ദേശ ശക്തിയോ ജ്ഞാനമോ ഇല്ലാത്ത ഒരു പ്രകൃതിയെ സ്ഥിരപ്പെടുത്താൻ ശ്രമിക്കുന്നു. ബുദ്ധി ശൂന്യതയേ നിന്റെ പേരോ യുക്തി?!!..

ഗ്രന്ഥത്തിൽ പ്രപഞ്ചത്തിന്റെ നിഗൂഢ രഹസ്യങ്ങളെ പരിചയപ്പെടുത്തി സ്രഷ്ടാവിന്റെ സാന്നിധ്യത്തെ സ്ഥിരപ്പെടുത്തുന്നതിപ്രകാരമാണ്: ചില നക്ഷത്രങ്ങൾ സ്വസ്ഥാനത്ത് നിന്ന് നീങ്ങുകയും പിന്നീട് അപ്രത്യക്ഷമാകുകയും ചെയ്യുന്നു. ഇതിന് കാരണമെന്താണ്? ശാസ്ത്രജ്ഞന്മാർ ചിന്തിച്ചു. അവസാനമവർ അനന്ത വിഹായസ്സിൽ ചില ഗർത്തങ്ങൾ കണ്ടെത്തിയിരിക്കുന്നു. ഇവ താരാപഥങ്ങളുടെയോ ആകാശഗംഗയുടേയോ കേന്ദ്രമാകാനാണ് സാധ്യത. ഗോളങ്ങൾ അതിന്റെ നിർണിത പാതയിൽ നിന്നും തെറ്റിയാൽ അതിനെ പിടിച്ചു വലിക്കേണ്ട ഏറ്റവും വലിയ ആകർഷണ ശക്തി ഈ ഗർത്തങ്ങൾക്കുത്രെ. ഇങ്ങനെ സ്ഥാനം തെറ്റിയ നക്ഷത്രങ്ങൾ ഗർത്തത്തിലേക്ക് ആകർഷിക്കപ്പെടുന്നതോടെ ആ ഗോളങ്ങൾ നശീകരണത്തിൽ കലാശിക്കുന്നു. അഥവാ ഈ ഗർത്തങ്ങളിലെത്തിയ നക്ഷത്രങ്ങൾ അപ്രത്യക്ഷമാകുന്നു. ഇത്രയും വലിയ ആകർഷണ ശക്തിയും നശീകരണ ശക്തിയുമുള്ള ഗർത്തങ്ങളുടെ യാഥാർത്ഥ്യമെന്താണ്? അതൊരു ദൃശ്യവസ്തുവല്ലാ എന്ന നിഗമനത്തിൽ ശാസ്ത്രജ്ഞന്മാർ എത്തിയിരിക്കുന്നു. അപ്പോൾ ഒന്നുമല്ലാത്ത ഈ കേന്ദ്രത്തിന്റെ പ്രകൃതിയെന്താണ്? അല്ലെങ്കിൽ ആകാശഗോളങ്ങളുടെ സൃഷ്ടിവൈഭവത്തിൽ ചിന്തിക്കൂ എന്ന് കൽപ്പിച്ച സർവ്വാധിനാഥനാണോ ഇതിന്റെ സൂത്രധാരൻ?

ഏക സിവിൽ കോഡ് എന്ന സങ്കൽപത്തിന്റെ പിന്നിലുള്ള നിഗൂഢ ലക്ഷ്യത്തെക്കുറിച്ചുള്ള ഗ്രന്ഥത്തിലെ നിരീക്ഷണം വർത്തമാനകാലത്ത് ഏറെ പ്രസക്തമാണ്. ഈ ലോക്സഭാ ഇലക്ഷനിൽ ബി.ജെ.പി തങ്ങളുടെ പ്രകടന പത്രികയിൽ അത്തരമൊരു വാഗ്ദാനം ഉൾപ്പെടുത്തിയ സാഹചര്യത്തിൽ പ്രത്യേകിച്ചും. പാനൂർ തങ്ങൾ പറയുന്നു: ഏക സിവിൽ കോഡിന് വേണ്ടിയുള്ള മുറവിളിയുടെ ഉദ്ദേശ്യവും മുസ്‌ലിം വിരോധം തന്നെയാണ്. ഭരണഘടനയോടുള്ള പ്രതിബന്ധതയിൽ നിന്നുടലെടുക്കുന്നതാണ് തങ്ങളുടെ ആവശ്യമെന്നവർ വാദിക്കുന്നു. ഇത് കേവലമൊരു തന്ത്രം മാത്രമാണ്. കാരണം, മൗലികാവകാശങ്ങളായ വിദ്യാഭ്യാസം, തൊഴിൽ തുടങ്ങി ഭരണഘടന അനുശാസിക്കുന്ന അടിസ്ഥാന നിയമങ്ങൾ

നടപ്പിലാക്കുന്നത് പോയിട്ട് അതിന്റെ പ്രാരംഭ നടപടികൾ പോലും പൂർത്തിയാക്കാൻ ഒരു ഗവൺമെന്റിനും ഇന്നേ വരെ സാധിച്ചിട്ടില്ല. എന്നിരിക്കെ, വെറുമൊരു നിർദേശക തത്വമായി ഭരണഘടനാ നിർമാതാക്കൾ ഉൾക്കൊള്ളിച്ച ഏകസിവിൽ കോഡിന് വേയുള്ള ഇവരുടെ ചന്ദ്രഹാസം മുസ്‌ലിം ശത്രുതയിൽ നിന്നുമുടലെടുത്തതാണെന്നതിൽ രണ്ടു പക്ഷമില്ല തന്നെ. പടിപടിയായി മദ്യ നിരോധനം മുൻഗണനാക്രമമനുസരിച്ച് ഏകസിവിൽകോഡിനേക്കാൾ എത്രയോ മുമ്പേ പറഞ്ഞ നിർദേശമാണെന്ന കാര്യവും ഇവിടെ പ്രത്യേകം സ്മരിക്കേതാണ്.ഭാരതീയരെ മുഴുവനായി ബാധിക്കുന്ന മദ്യം, മയക്കു മരുന്ന് വിപത്തിനെതിരെയുള്ള ഈ നിർദേശത്തിന് നേരെ കണ്ണടക്കുകയും മുസ്‌ലിംകളെ മാത്രം ബാധിക്കുന്ന ഇസ്‌ലാമിക ശരീഅത്തിന്(അതും വിവാഹം, അനന്തരാവകാശം എന്നിവയിൽ പരിമിതമാണ് ഇന്ത്യയിൽ മുസ്‌ലിംകൾക്ക് ശരീഅത്ത് ആചരിക്കാനുള്ള അവകാശം) എതിരെ രംഗത്തിറങ്ങുന്നതിന്റെ ചേതോവികാരമെന്ത്?

ഏക സിവിൽ കോഡിനെക്കുറിച്ച് വളരെ സുപ്രധാനവും ചിന്തോദ്ദീപകവുമായ ഒരു നിരീക്ഷണം പാനൂർ തങ്ങൾ നടത്തുന്നുണ്ട്: ഏക സിവിൽ കോഡ് നടപ്പിൽ വരുത്തണമെന്ന് വാദിക്കുന്നവർ ആ 'കോഡ്' ഏതാണെന്നു കൂടി വിശദീകരിക്കേിയിരിക്കുന്നു.സാർവ്വലൗകികവും യുക്തി ജന്യവും സമത്വസുന്ദരവും ആയിരിക്കണം ആ നിയമം എന്നത് പ്രത്യേകം എടുത്തു പറയേണ്ടതാണ്.അതിനായി ഇന്ന് ലോകത്തറിയപ്പെട്ട മനുഷ്യ നിർമിതവും അല്ലാത്തതുമായ സർവ മത പ്രസ്ഥാനങ്ങളുടെ ബൈലോകളും ഭൗതിക ഗവൺമെന്റുകളുടെ ഭരണഘടനകളും നിരത്തിവെക്കട്ടെ. ലോക പ്രശസ്ത വിദ്യാഭ്യാസ വിചക്ഷണരും രാഷ്ട്രമീമാംസകരും ബുദ്ധിജീവികളും കൂടിയിരുന്ന് നിക്ഷ്പക്ഷമായൊന്ന് വിലയിരുത്തി ക്രിയാത്മക സംവാദത്തിലേർപ്പെടട്ടെ, എങ്കിൽ നിസ്സംശയം നമുക്ക് പറയാൻ സാധിക്കും. അവർ തിരഞ്ഞെടുക്കുന്ന നിയമാവലി ഇസ്‌ലാമിക ശരീഅത്ത് മാത്രമായിരിക്കും!.

ഈ രീതിയിൽ ആഗോള/ദേശീയ/പ്രാദേശിക വിഷയങ്ങളെ സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടും യുക്തിബോധത്തോടെ വിലയിരുത്തിയുമുള്ള ഇടപെടലുകളുടെ നൈരന്തര്യം ഈ കൃതിയിലുടനീളം കാണാവുന്നതാണ്. കേവല ആലോചനകളെന്നതിലുപരി ചിന്താപരമായ സംവേദനങ്ങളാണ് പാനൂർ തങ്ങൾ നടത്തുന്നത്. കൂടുതൽ വായിക്കപ്പെടേ ആശയ പ്രപഞ്ചമാണ് പാനൂർ തങ്ങളുടെ ഈ ഗ്രന്ഥം.

അൽ ഇൻഹിറാഫാത്ത്/ വഴിത്തിരിവുകൾ

സമൂഹത്തിൽ നടമാടിക്കൊണ്ടിരിക്കുന്ന അനാചാരങ്ങൾക്കും അനീതികൾക്കുമെതിരെ ഇസ്‌ലാമിക കാഴ്ചപ്പാട് വിശദീകരിച്ചുകൊണ്ട് അദ്ദേഹം ഇൻഹിറാഫാത്ത് എന്ന ചെറിയൊരു കൃതി തയ്യാറാക്കുകയുണ്ടായി.ഇതാണ് മഹാന്റെ ആദ്യത്തെ ഗ്രന്ഥം. ഇത് പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിലും ഇതിന്റെ മലയാള പരിഭാഷ തയ്യാറാക്കി വഴിത്തിരിവുകൾ എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഖുതുബകൾ

വശ്യ മനോഹരമായ അറബി ശൈലിയിൽ പാനൂർ തങ്ങൾ നിരവധി ഖുതുബകൾ രചിച്ചിട്ടുണ്ട്. ജാമിഅ സഹ്റ മസ്ജിദിൽ തങ്ങൾ രചിക്കുന്ന ഖുതുബകളായിരുന്നു പാരായണം ചെയ്തിരുന്നത്. ഇങ്ങനെ എഴുതപ്പെട്ട ചില ഖുതുബകളുടെ പരിഭാഷയാണ് അൽ ഇൻഹിറാഫാത്ത്, അത്തഹദ്ദിയാത്ത് എന്നീ രചനകളിലെ പ്രതിപാദ്യം. ആനുകാലിക വിഷയങ്ങളെ ആസ്പദമാക്കിക്കൊണ്ടുള്ള നൂറുക്കണക്കിന് ഖുതുബകൾ തങ്ങൾ രചിച്ചിട്ടുണ്ട്. എല്ലാം ഏറെ വിജ്ഞാനപ്രദവും ആശയ സമ്പന്നവും നമ്മുടെ ഒക്കെ കണ്ണു തുറപ്പിക്കുന്നതുമാണ്.

ഏക സിവിൽ കോഡിനെക്കുറിച്ച് വളരെ സുപ്രധാനവും ചിന്തോദ്ദീപകവുമായ ഒരു നിരീക്ഷണം പാനൂർ തങ്ങൾ നടത്തുന്നുണ്ട്: ഏക സിവിൽ കോഡ് നടപ്പിൽ വരുത്തണമെന്ന് വാദിക്കുന്നവർ ആ 'കോഡ്' ഏതാണെന്നു കൂടി വിശദീകരിക്കേിയിരിക്കുന്നു.സാർവ്വലൗകികവും യുക്തി ജന്യവും സമത്വസുന്ദരവും ആയിരിക്കണം ആ നിയമം എന്നത് പ്രത്യേകം എടുത്തു പറയേണ്ടതാണ്. അതിനായി ഇന്ന് ലോകത്തറിയപ്പെട്ട മനുഷ്യ നിർമ്മിതവും അല്ലാത്തതുമായ സർവ മത പ്രസ്ഥാനങ്ങളുടെ ബൈലോകളും ഭൗതിക ഗവൺമെന്റുകളുടെ ഭരണഘടനകളും നിരത്തിവെക്കട്ടെ. ലോക പ്രശസ്ത വിദ്യാഭ്യാസ വിചക്ഷണരും രാഷ്ട്രമീമാംസകരും ബുദ്ധിജീവികളും കൂടിയിരുന്ന് നിക്ഷ്പക്ഷമായൊന്ന് വിലയിരുത്തി ക്രിയാത്മക സംവാദത്തിലേർപ്പെടട്ടെ, എങ്കിൽ നിസ്സംശയം നമുക്ക് പറയാൻ സാധിക്കും. അവർ തിരഞ്ഞെടുക്കുന്ന നിയമാവലി ഇസ്‌ലാമിക ശരീഅത്ത് മാത്രമായിരിക്കും!.

ചുരുക്കത്തിൽ ജീവിതം കൊണ്ട് ഒരു കാലത്തിന് മാതൃക തീർത്ത കർമയോഗിയായിരുന്നു പാനൂർ തങ്ങൾ. പ്രതിസന്ധികളെ ഈമാനിക കരുത്തുകൊണ്ട് മിറകടന്ന് ശരിയാണെന്ന് തോന്നിയ ആദർശത്തിന്റെ സംസ്ഥാപനത്തിന് വേണ്ടി ആരെയും കാത്തുനിൽക്കാതെ/ താൻ കണ്ട സ്വപ്നങ്ങൾ പ്രായോഗികമായി വിജയിപ്പിച്ചെടുത്ത ശേഷമാണ് മഹാൻ വിട വാങ്ങിയത്. യഥാർത്ഥത്തിൽ കേരളത്തിലെ ഉലമാ ആക്ടിവിസത്തിന്റെ റോൾ മോഡൽ തന്നെയായിരുന്നു സയ്യിദ് ഇസ്മാഈൽ ശിഹാബുദ്ദീൻ പൂക്കോയ തങ്ങൾ. പാനൂർ തങ്ങളുടെ വൈജ്ഞാനിക സംഭാവനകളും ഇടപെടലുകളും വർത്തമാന കാല കേരളീയ വിദ്യാഭ്യാസ പരിസരങ്ങളിൽ ഇനിയുമേറെ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.